IV പ്രത്യേക പരാമർശം

നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ നയപരമായ തീരുമാനങ്ങൾ ആദ്യം സഭയിൽ അറിയിക്കണമെന്നത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വി.ആർ.എസ് പ്രഖ്യാപിച്ചുകൊണ്ട് സർക്കാർ തീരുമാനിച്ചിരിക്കുന്നതായാണ് ഇന്നത്തെ ഹിന്ദു പത്രത്തിൽ റിപ്പോർട്ട് വന്നിട്ടുള്ളത്. ഒരു ലക്ഷത്തിഇരുപത്തയ്യായിരത്തോളം ജീവനക്കാരാണ് കേരളത്തിലെ 111 പൊതുമേഖലാ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നത്. വി.ആർ.എസ്സിനെ സംബന്ധിച്ചുള്ള നയപരമായ കാര്യം സഭ സമ്മേളിച്ചു കൊണ്ടിരിക്കുമ്പോൾ സഭയിൽ പറയാതെ ഗവൺമെന്റ് പത്രപ്രസ്താവന നടത്തുന്നത് ശരിയായിട്ടുള്ള ഒരു സമീപനമല്ല. അതുസംബന്ധിച്ച് റൂളിംഗ് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : വി.ആർ.എസ്സിനെപ്പറ്റി ഇന്നലെ ആരാണ് പറഞ്ഞത് ? ആര് പറഞ്ഞതായിട്ടാണ് ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ഗവൺമെന്റിന്റെ തീരുമാനമായിട്ടാണ്.

മി. സ്പീക്കർ : അല്ലാതെ ആരും പ്രത്യേകമായിട്ട് പറഞ്ഞതായിട്ടല്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ഗവൺമെന്റിന് ഇത് സംബന്ധിച്ച് എന്താണ് പറയാനുള്ളത് ? ജീവനക്കാർക്ക് വി.ആർ.എസ്. കൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നുവെന്ന ഗവൺമെന്റിന്റെ തീരുമാനം പത്രത്തിൽ വന്നു.

മി. സ്പീക്കർ : അതിലിപ്പോൾ കാര്യമുണ്ടോ ? പത്രങ്ങൾ ഇതെല്ലാമൊക്കെ എഴുതുന്നതാണ്. ആരെങ്കിലും പറഞ്ഞെങ്കിൽ ശരി.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : അത് ഗവൺമെന്റ് കൊടുത്തിട്ടുള്ളത് ആണോ അല്ലയോ എന്നുള്ളത് പറയണ്ടേ ? സഭ സമ്മേളിച്ചു കൊണ്ടിരിക്കുമ്പോൾ സഭയിലല്ലേ ആദ്യം പറയേണ്ടത് ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ പി കെ കുഞ്ഞാലിക്കുട്ടി) : സർ, ഇക്കാര്യം ഞാനിപ്പോൾ കേൾക്കുകയാണ്. ഞാൻ ഹിന്ദു പത്രം വായിച്ചില്ല. ഗവൺമെന്റിന് അങ്ങനെയൊരു തീരുമാനമില്ല അതാണ് സത്യം. 111 പൊതുമേഖലാ സ്ഥാപനങ്ങളിലും ഒന്നിച്ച് വി.ആർ.എസ്. കൊടുത്തുവെന്ന് പറയുന്ന ഒരു തീരുമാനമില്ല. വി.ആർ.എസ് എന്നുള്ളത് കണ്ടിന്യൂ ചെയ്തുവരുന്നതാണ്. ഓരോ കമ്പനികളിലും ഇൻഡിവിഡുവലായിട്ട് ഉണ്ടെന്നല്ലാതെ സ്വീപ്പിംഗായിട്ട് എല്ലായിടത്തും വി. ആർ.എസ് കൊടുക്കണമെന്നുള്ള തീരുമാനമില്ല. ഈ വാർത്തയുടെ അടിസ്ഥാനം എന്താണെന്നുള്ളത് ഗവൺമെന്റിനറിയില്ല.

LIBRARY ARCHIVES Kerala Legislative Assembly